# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 3820

26.06.2012-ൽ മറുപടിക്ക്.

### കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ.കെ. സുരേഷ് കുറുപ്പ്<br>ശ്രീ. സാജു പോൾ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സിയും ജി.ഐ.എൽ ഉം ചേർന്നുള്ള കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനിയും കെ.എസ്.ഐ.ഡി.സിയും ചേർന്നുള്ള സംയുക്ത സംരംഭമാണ് കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ്. ഈ കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നഗരപ്രകൃതിവാതകവിതരണ പദ്ധതി, വിവിധ പ്രദേശങ്ങളിൽ വിവിധ ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണ പൈപ്പുലൈനുകൾ, വാഹനങ്ങൾക്കുവേണ്ട സി.എൻ.ജി. സ്റ്റേഷനുകൾ, ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രകൃതിവാതക ഉപകരണങ്ങളുടെ വില്പന, വികേന്ദ്രീകൃത വൈദ്യുതി ഉൽപ്പാദനം, ഓപ്റ്റിക്കൽ ഫൈബർ കേബിൾ സംവിധാനം തുടങ്ങിയവയാണ്. |
| (ബി) ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) ഈ കമ്പനി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ട്രെയിനിങ് സെന്ററിന്റെ ഭാഗമായി പ്രകൃതിവാതക മേഖലയിൽ ഒരു പരിശീലന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നു. തുടക്കത്തിൽ കളമശ്ശേരിയിലുള്ള KEID യിൽ പരിശീലന പരിപാടി നടത്തുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്. കൂടാതെ, പാലക്കാടുള്ള ഇരുമ്പ് വ്യവസായികളുടെ സംഘടനയായ സ്റ്റീൽ മാനുഫാക്ചറേഴ്സ് അസോസിയേഷനുമായി ചേർന്ന് ഒരു വൈദ്യുതി ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതിയും പുരോഗമിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സിയുടെ |

| | |
|---|---|
| | ബസുകളിൽ സി.എൻ.ജി നിറയ്ക്കുന്നതിനുവേണ്ടി സി.എൻ.ജി സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ചർച്ചകളും നടന്നു വരികയാണ്. കൂടാതെ കിൻഫ്രയുടെയും മറ്റു വ്യവസായ പാർക്കുകളിലേക്കും വാതകവിതരണ സംവിധാന ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) പട്ടണങ്ങളിലെ ഇന്ധനവാതക വിതരണ ചുമതല പ്രസ്തുത സ്ഥാപനത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) നഗര പ്രകൃതിവാതക പദ്ധതിക്ക് കേന്ദ്രസർക്കാറിന്റെ പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ അനുമതി ആവശ്യമാണ്. നോമിനേഷൻ അടിസ്ഥാനത്തിൽ, ഈ സ്ഥാപനത്തിന് എറണാകുളം ജ്യോഗ്രഫിക്കൽ ഏരിയയിലെ നഗരപ്രകൃതിവാതകവിതരണ പദ്ധതിക്ക് അനുമതി നൽകുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. |
| (ഡി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്; എന്നത്തേക്ക് പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) 2012-13 വർഷത്തേക്ക് ബജറ്റിൽ 12.21 കോടി രൂപ ഇതിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഓരോന്നായി ആരംഭിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**